"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം -കൊല്ലം മൂത്തകര ഏഞ്ചൽ വില്ലയിൽ ശ്രീ.ബേസിൽ നട്ടാർ (HM (Rtd), CFTTI LPS, Kottiyam) ഫയൽ ചെയ്ത WP(C)No. 26648/2023-ന്മേൽ ബഹു. ഹൈക്കോടതി 14.08.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2786/2024/GEDN തീയതി, തിരുവനന്തപുരം, 24-04-2024**

---

പരാമർശം:-

1. ശ്രീ.ബേസിൽ നട്ടാർ സമർപ്പിച്ച 05.07.2023-ലെ ഹർജി (Ext P10)
2. WP(C)No. 26648/2023-ന്റെ 14.08.2023 തീയതിയിലെ വിധിന്യായം
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 3.11.2023-ലെ ഡി5/1774/2022 നമ്പർ കത്ത്.
4. തിരുവനന്തപുരം പാഠപുസ്തക ഓഫീസറുടെ 15.11.2023-ലെ സിഎ/1883/2023/ടിബിഒ നമ്പർ കത്ത്.
5. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.11.2023-ലെ A2/1325/2022 നമ്പർ കത്ത്
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.11.2023-ലെ PA4/15660/2023/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം മൂത്തകര ഏഞ്ചൽ വില്ലയിൽ ശ്രീ.ബേസിൽ നട്ടാർ (HM (Rtd), CFTTI LPS, Kottiyam) ഫയൽ ചെയ്ത WP(C)No. 26648/2023-ന്മേൽ ബഹു. ഹൈക്കോടതി 14.08.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരനെ കേട്ടശേഷം EXT P10 (Representation dated 05.07.2023) പരിശോധിച്ച് തീരുമാനം

കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 23.11.2023 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

2.**അപേക്ഷകനായ ശ്രീ.ബേസിൽ നട്ടാർ-ന്റെ അപേക്ഷ ഇപ്രകാരമാണ്:**

1.ഹർജ്ജികക്ഷി ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C)26648/2023 നമ്പറായി റിട്ട് ഹർജ്ജി ബോധിപ്പിച്ചിരുന്നതാണ്. ടി ഹർജ്ജിയിൽ പാഠപുസ്തക ഓഫീസർ ഹർജ്ജികക്ഷി പ്രധാനഅദ്ധ്യാപകനായി ജോലി നോക്കി വന്ന സി.എഫ്.എച്ച്.എസ്. കൊട്ടിയം എന്ന സ്കൂളിൽ 01.11.2019 തീയതി വച്ച് സി.എഫ്.എച്ച്.എസ്. കൊട്ടിയത്തിന്റെ സൊസൈറ്റി സെക്രട്ടറിക്ക് നൽകിയ ഇൻസ്പെക്ഷൻ റിഷോർട്ട് പ്രകാരം 2010-11 മുതൽ 2017-18 വരെയുള്ള കാലയളവിലേക്ക് 62,056/- രൂപയുടെ ബാദ്ധ്യത ഉള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ ടി പാഠപുസ്തക ഓഫീസർ സെന്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം എന്ന സ്കൂളിന്റെ സൊസൈറ്റി സെക്രട്ടറിക്ക് 08/01/2021-ൽ അയച്ച ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം 3,38,149/- കുടിശ്ശിക ഉള്ളതായി പറഞ്ഞിട്ടുണ്ട്. ടി.സി.എഫ്.എച്ച്.എസ്. കൊട്ടിയം എന്ന സ്കൂളിൽ ഹർജ്ജിക്കാരൻ ഹെഡ്മാസ്റ്റർ ആയിരുന്ന 2015-16, 2016-17, 2017-18 അക്കാദമിക വർഷത്തെ കുടിശ്ശിക ആയ 31,405/- രൂപ 26/04/2023, 03/03/2023 ബാങ്ക് ചലാൻ മുഖേന ഹർജിക്കാരൻ അടച്ചിട്ടുള്ളതും സെന്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം സ്കൂളിൽ ഹർജ്ജികാരൻ ഹെഡ്മാസ്റ്റർ ആയിരുന്ന 2018-19, 2019- 20 കാലഘട്ടത്തിലെ കുടിശ്ശിക ആയ 39,879/- രൂപ 26/04/2023, 03/03/2023 എന്നീ ചലാനുകൾ മുഖാന്തരം അടച്ചിട്ടുള്ളതുമാണ്. അതിനാൽ ഹർജ്ജിക്കാരൻ ഹെഡ്മാസ്റ്റർ ആയിരുന്ന കാലഘട്ടത്തിലെ കുടിശ്ശിക ഇനത്തിൽ യാതൊരു സംഖ്യയും ഹർജിക്കാരൻ നൽകാനില്ല.

2. ഹർജ്ജിക്കാരന്റെ പേരിൽ ജില്ലാ വിദ്യാദ്യാസ ഓഫീസറുടെ 15/06/2023-ലെ സി.എഫ്.എച്ച്.എസ്. കൊട്ടിയം എന്ന സ്കൂളിനെ സംബന്ധിച്ച ബാദ്ധ്യത 2012-13, 2013-14, 2014-15 കാലയളവിലേക്കുള്ള ബാദ്ധ്യത ആദ്യമായി തിട്ടപ്പെടുത്തിയത് പാഠപുസ്തക ഓഫീസറുടെ 01/11//2019-ലെ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം ആണ്. ടി കാലയളവിൽ ശ്രീമതി പി. സൂസമ്മ ആയിരുന്നു പ്രധാന അദ്ധ്യാപിക. ശ്രീമതി പി. സൂസമ്മ 31/05/2015-ൽ റിട്ടയർ ചെയ്തിരുന്നതും ടി ആൾ വിരമിക്കുന്ന അവസരത്തിൽ യാതൊരു ബാദ്ധ്യതയും പാഠപുസ്തക ഓഫീസറുടെ കാര്യാലയത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നുമില്ല. അതിനാൽ ശ്രീമതി പി.സുസമ്മ വിരമിച്ച ശേഷമാണ് ഹർജ്ജിക്കാരൻ ടി ആൾക്ക് എൻ.എൽ.സി.

സർട്ടിഫിക്കേറ്റ് നൽകിയത്.

3. ഹർജ്ജിക്കാരന്റെ പേരിൽ ജില്ലാ വിദ്യാദ്യാസ ഓഫീസറുടെ 15/06/2023-ലെ സെന്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം എന്ന സ്കൂളിനെ സംബന്ധിച്ച ബാദ്ധ്യത 01/06/2017 മുതൽ 31/05/2018 കാലയളവിലേക്കുള്ള ബാദ്ധ്യത ആദ്യമായി തിട്ടപ്പെട്ടുത്തിയത് പാഠപുസ്തക ഓഫീസറുടെ 01/11/2019-ലെ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം ആണ്. ടി കാലയളവിൽ ശ്രീ. ക്ലിഫോർഡ് മോറിസ് ആയിരുന്നു പ്രധാനഅദ്ധ്യാപകൻ. ശ്രീ. ക്ലിഫോർഡ് മോറിസ് 31/05/2018-ൽ റിട്ടയർ ചെയ്തിരുന്നതും ടി ആൾ വിരമിക്കുന്ന അവസരത്തിൽ യാതൊരു ബാദ്ധ്യതയും പാഠപുസ്തക ഓഫീസറുടെ കാര്യാലയത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നുമില്ല. അതിനാൽ ശ്രീ. ക്ലിഫോർഡ് മോറിസ് വിരമിച്ച ശേഷമാണ് ഹർജ്ജിക്കാരൻ ടി ആൾക്ക് എൻ.എൽ.സി. സർട്ടിഫിക്കേറ്റ് നൽകിയത്.

4. ജില്ലാ വിദ്യാദ്യാസ ഓഫീസർ, വിദ്യാദ്യാസ ഉപഡയറക്ടർക്ക് നൽകിയ 15/06/2023-ലെ കത്ത് പ്രകാരം ഹർജ്ജിക്കാരൻ പ്രധാന അദ്ധ്യാപകനായിരുന്ന കാലയളവിൽ എന്തെങ്കിലും പറഞ്ഞിട്ടില്ല. സെന്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം എന്ന സ്കൂളിനെ സംബന്ധിച്ച് ബാദ്ധ്യത 01/06/2017 മുതൽ 31/05/2018 വരെയും സി.എഫ്.എച്ച്.എസ് കൊട്ടിയത്തെ സംബന്ധിച്ച ബാധ്യത, 01.06.2012 മുതൽ 31/05/2015 വരെയുമുള്ള കാലഘട്ടത്തെ സംബന്ധിച്ചതാണ്. ഹർജ്ജിക്കാരൻ അക്കാലത്തെ പ്രധാന അദ്ധ്യാപകനായി ജോലി നോക്കിയില്ല എന്ന വിവരവും ടി കത്തിൽ നിന്നും വ്യക്തമാണ്. കൂടാതെ, സി.എഫ്.എച്ച്.എസ്. കൊട്ടിയം എന്ന സ്കൂളിന്റെ 01/11/2019 തീയതിയിലെ ഇൻസ്പെക്ഷൻ റിപ്പോർട്ട് മുഖാന്തരം വെളിവായിട്ടുള്ളതും സെന്റ് ജോൺസ് എച്ച്.എസ്സ്. ഇരവിപുരം എന്ന സ്കൂളിനെ സംബന്ധിച്ച ബാദ്ധ്യത 08/02/2021 തീയതിയിലെ റിപ്പോർട്ട് മുഖാന്തരം വെളിവായിട്ടുള്ളതും ആണ്. ടി കാലയളവിൽ പ്രധാന അദ്ധ്യാപകരായി പ്രവർത്തിച്ചിരുന്ന അദ്ധ്യാപകരെ സംബന്ധിച്ച് ബാദ്ധ്യത ഉള്ള വിവരം ടി അദ്ധ്യാപകർക്ക് ഹർജ്ജിക്കാരൻ എൻ.എൽ.സി. നൽകിയതിന് ശേഷം മാത്രം വെളിവായിട്ടുള്ളതിനാൽ, ഹർജ്ജിക്കാരന്റെ ഭാഗത്ത് നിന്നും യാതൊരു കൃത്യവിലോപവും സംഭവിച്ചിട്ടില്ലാത്തതാണ്.

5. ഹർജജിക്കാരന്റെ പേരിൽ നിജപ്പെടുത്തിയിട്ടുള്ള ബാദ്ധ്യത ഫിക്സ് ചെയ്യുന്നതിന് മുമ്പ് ജില്ലാ വിദ്യാദ്യാസ ഓഫീസർ ഹർജ്ജിക്കാരന്റെ ഭാഗം നേരിൽ കേട്ടിട്ടില്ലാത്തതിനാൽ ടി ലയബിലിറ്റി സർട്ടിഫിക്കറ്റുകൾ നിയമപരമായി നിലനിൽക്കത്തക്കതല്ല.

6. ഹർജ്ജിക്കാരൻ പ്രധാന അദ്ധ്യാപകനായി പ്രവർത്തിച്ചുവന്ന സി.എഫ്.എച്ച്.എസ്. കൊട്ടിയം, സെന്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം എന്നീ സ്കൂളുകളോടൊപ്പം പ്രവർത്തിച്ചുവന്ന സഹകരണസംഘങ്ങളിലും നിയമാനുസരണമുള്ള ഓഡിറ്റുകൾ കൃത്യസമയത്ത് നടന്നിട്ടുള്ളതാണ്. ടി ഓഡിറ്റുകളിൽ ഇപ്രകാരമുള്ള ഒരു ബാദ്ധ്യത ഉള്ളതായി തെളിഞ്ഞിട്ടില്ലാത്തതും, അതിനാൽ ടി ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളിൽ സൂചിപ്പിച്ചിട്ടുള്ള കാലയളവിലേക്ക് മുൻ പ്രധാന അദ്ധ്യാപകർക്ക് എൻ.എൽ.സി. നൽകിയതിൽ ഹർജ്ജിക്കാരന്റെ ഭാഗത്ത് നിന്ന് യാതൊരു അപാകതയും ഇല്ലാത്തതാണ്.

7. പാഠപുസ്തക ഓഫീസർ 2011 മുതൽ 2021 വരെയുള്ള കാലഘട്ടത്തിലേക്ക് ഒരു ഓഡിറ്റ് മാത്രമാണ് നടത്തിയിട്ടുള്ളത്. ടി സ്കൂളുകളിൽ ആനുവൽ ഓഡിറ്റ് നടത്താത്തതിൽ പാഠപുസ്തക ഓഫീസറുടെ ഭാഗത്ത് വീഴ്ച്ച സംഭവിച്ചിട്ടുള്ളതും, ബാദ്ധ്യത കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാത്തത് വഴി ഹർജ്ജിക്കാരൻ മുൻ പ്രധാന അദ്ധ്യാപകർക്ക് എൻ.എൽ.സി. ഇഷ്യൂ ചെയ്യുവാൻ ഇടവന്നിട്ടുള്ളതുമാണ്. അതിനാൽ ടി മുൻ പ്രധാന അദ്ധ്യാപകരുടെ ബാദ്ധ്യതകൾ ഹർജ്ജിക്കാരനിൽ നിന്നും ഈടാക്കത്തക്കതല്ല.

ആകയാൽ സമക്ഷത്ത് ദയവുണ്ടായി ബഹുമാനപ്പെട്ട കൊല്ലം ജില്ലാ ഓഫീസർ നൽകിയ ബാദ്ധ്യതാ സർട്ടിഫിക്കേറ്റ് അസ്ഥിരപ്പെടുത്തി ഹർജ്ജിക്കാരന് ബാദ്ധ്യത ഇല്ലെന്ന് കണ്ട് ഹർജ്ജിക്കാരന് നിയമപരമായി അർഹതപ്പെട്ട വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേക്ക് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് അപേക്ഷയുള്ളതാണ്.

**3. കോർപ്പറേറ്റ് മാനേജരുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

കൊല്ലം കാത്തലിക് കോർപ്പറേറ്റ് മാനേജരുടെ അധീനതയിലുള്ള കൊട്ടിയം CFTTI-ൽ നിന്നും ശ്രീ ബേസിൽ നട്ടാർ 2022 മാർച്ചിൽ പ്രഥമ അധ്യാപകനായി വിരമിച്ചു. ശ്രീ ബേസിൽ നട്ടാർ 2015 മുതൽ 2018 വരെ കൊട്ടിയം CFHS-ലും 2018 മുതൽ 2020 വരെ ഇരവിപുരം സെന്റ് ജോൺസ് എച്ച്.എസ്സ്.ലും പ്രഥമ അധ്യാപകനായിരുന്നു. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 15.06.2023-ൽ നൽകിയ ബാധ്യതകൾ താഴെ പറയും പ്രകാരമാണ് .

1. സെന്റ് ജോൺസ് എച്ച് എസ്സ്, ഇരവിപുരം

(01.06.2018 10 31.05.2020) മുൻ പ്രഥമാധ്യാപകൻ 49032/- + 18%

ശ്രീ ക്ലിഫോർഡ് മോറിസിന് എൻ എൽ സി interest

നൽകിയതിനാൽ

2. സി എഫ് എച്ച് എസ്, കൊട്ടിയം (01.06.2015

to 31.05.2018) മുൻ പ്രഥമാധ്യാപിക 43803/- + 18%

ശ്രീമതി സുസമ്മയ്ക്ക് എൻ എൽ സി interest

നൽകിയതിനാൽ

3. സി എഫ് ടി ടി ഐ& എൽ പി എസ്

കൊട്ടിയത്തിൽ ശ്രീ ബേസിൽ നട്ടാർ

ജോലി ചെയ്ത 01.06.2020 to 31.03.2022 ടിയാന് ബാധ്യത ഒന്നുമില്ല

ഇരവിപുരം സെന്റ് ജോൺസ് എച്ച് എസ്സ്.ലും കൊട്ടിയം സി എഫ് എച്ച് എസ്സ്.ലും ശ്രീ ബേസിൽ നട്ടാർ പ്രഥമാധ്യാപകനായിരുന്ന കാലയളവിൽ ടിയാന് ബാധ്യത ഒന്നുമില്ല. 31.05.2018-ൽ CFH-ൽ നിന്നും വിരമിച്ച ശ്രീമതി സൂസമ്മയ്ക്കും ഇരവിപുരം സെന്റ് ജോൺസ് എച്ച്.എസ്സ്.ൽ നിന്നും 31.05.2020-ൽ വിരമിച്ച ശ്രീ ക്ലിഫോർഡ് മോറിസിനും ബാധ്യത ഒന്നും NLC നൽകുന്ന സമയത്ത് ഉണ്ടായിരുന്നില്ല. NLC നൽകിയതിനു ശേഷം പാഠപുസ്തക ഓഫീസർ 2019-ൽ നടത്തിയ ഓഡിറ്റിംഗിൽ, 2010-11 മുതൽ 2017-18 വരെയുള്ള കാലയളവിൽ, സി.എഫ്.എച്ച്.എസ്സ്., കൊട്ടിയത്തിൽ പാഠപുസ്തകം ലഭിച്ചതിൽ ബാക്കി അടയ്ക്കുവാനുള്ള തുക കണക്കാക്കി. ആയതിന്റെ ബാധ്യതയും അപാകതയും സൊസൈറ്റി സെക്രട്ടറി പരിഹരിക്കണമെന്നാണ് പരാമർശിച്ചിട്ടുള്ളത്. ഇരവിപുരം സെന്റ് ജോൺസ് എച്ച്.എസ്സ്.ലും ഇതേ പരാമർശം തന്നെയാണ് പാഠപുസ്തക സംബന്ധമായ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ളത്. കൊട്ടിയം സി.എഫ്.എച്ച്.എസ്സ്.ലെയും ഇരവിപുരം സെന്റ് ജോൺസ് എച്ച്.എസ്സ്.ലെയും മുൻ പ്രഥമാധ്യാപകരായ സൂസമ്മയ്ക്കും ശ്രീ ക്ലിഫോർഡ് മോറിസിനും NLC നൽകിയതിന്റെ പേരിൽ മാത്രമാണ് ബേസിൽ നട്ടാറിന്റെ പേരിൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബാധ്യത നിശ്ചയിച്ച് നൽകിയത്.

വിരമിച്ച ജീവനക്കാർ പെൻഷൻ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുമ്പോൾ ഓരോ പെൻഷണറും റൂൾ 117എ പ്രകാരമുള്ള ഡിക്ലറേഷൻ കൂടി സമർപ്പിക്കുന്നുണ്ട്. അതിൻപ്രകാരം മേലിലും പെൻഷണർക്കുണ്ടാകുന്ന ബാധ്യത തന്റെ ഫാമിലി പെൻഷൻ ആന്റിസിപ്പേറ്ററി ഫൈനൽ പെൻഷൻ എന്നിവയിൽ നിന്നും റിക്കവറി ചെയ്യാവുന്നതാണെന്ന സമ്മതപത്രം നൽകുന്നുണ്ട്. ശ്രീമതി സൂസമ്മയും ശ്രീ ക്ലിഫോർഡ് മോറിസും ടി ഡിക്ലറേഷൻ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, സൊസൈറ്റി സംബന്ധമായ ബാധ്യതയായതിനാൽ സൊസൈറ്റി സെക്രട്ടറിമാരിൽ നിന്നും ഈടാക്കാൻ വ്യവസ്ഥയുള്ളതാണ്. മേൽപ്പറഞ്ഞ സ്കൂളുകളിലെ സൊസൈറ്റി സെക്രട്ടറിമാർ ഇപ്പോൾ സർവീസിൽ ഉണ്ടെങ്കിൽ അവരിൽ നിന്നും ഈടാക്കാവുന്നതാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ശ്രീ ബേസിൽ നട്ടാറിന്റെ പേരിലുള്ള ബാധ്യത ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

**4. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു:**

കൊല്ലം ജില്ലയിലെ കൊട്ടിയം CFTTI & LP സ്കൂളിൽ നിന്ന് പ്രധാനാധ്യാപക തസ്തികയിൽ 31.03.2022-ൽ വിരമിച്ച ശ്രീ ബേസിൽ നട്ടാറിന്റെ പാഠപുസ്തക സംബന്ധമായ ബാധ്യതാപത്രം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ ലഭിച്ചിട്ടുള്ളതാണ്. ടിയാൻ 01.06.2015 മുതൽ 31.05.2018 വരെ CFHS കൊട്ടിയം, 01.06.2018 മുതൽ 31.05.2020 വരെ സെന്റ് ജോൺസ് HS ഇരവിപുരം, 01.06.2020 മുതൽ 3103.2022 വരെ CFTTI & LPS കൊട്ടിയം എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിരുന്നു.

CFHS കൊട്ടിയത്തിൽ നിന്നും 31.05.2015-ൽ വിരമിച്ച സുസമ്മ V 31.05.2018-ൽ സെന്റ് ജോൺസ് HS-ൽ നിന്നും പ്രധാനാധ്യാപക തസ്തികയിൽ വിരമിച്ച ശ്രീ ക്ലീഫോർഡ് മോറിസ് എന്നിവരുടെ ബാധ്യത നിലനിൽക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ടെക്സ്റ്റ് ബുക്ക് ഓഫീസിൽ നിന്നും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ ലഭ്യമായത് യഥാക്രമം 01.11.2019-ലും 08.02.2021-ലുമാണ്. എന്നാൽ ടി റിപ്പോർട്ടുകൾ വരുന്നതിനു മുൻപാണ് ശ്രീ ബേസിൽ നട്ടാർ പ്രസ്തുത പ്രധാനാധ്യാപകർക്ക് ബാധ്യതരഹിത പത്രം നൽകിയിട്ടുള്ളത്. ടെക്സ്റ്റ് ബുക്ക് ഓഫീസറുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം CFHS കൊട്ടിയം സ്കൂളിൽ 2012-2013 കാലയളവിൽ 13375/- രൂപ, 2013-14 കാലയളവിൽ 23442/- രൂപ, 2014-15 കാലയളവിൽ 6986/- രൂപ എന്നിങ്ങനെ ആകെ 43803/-+ 18% (പലിശ) രൂപയും സെന്റ്

ജോൺസ് HS ഇരവിപുരം സ്കൂളിലെ 2017-18 കാലയളവിലെ 49032/-(+18% പലിശ) രൂപയും ബാധ്യത നിശ്ചയിച്ച് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

മേൽ കാലയളവിൽ പ്രസ്തുത സ്കൂളുകളിൽ സേവനമനുഷ്ഠിച്ചിരുന്ന പ്രഥമാധ്യാപകർക്ക് ബാധ്യതാരഹിതപത്രം നൽകിയതിനാൽ ശ്രീ ബേസിൽ നട്ടാറിന്റെ പേരിൽ ടി സ്കൂളുകളിൽ നിന്നും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭ്യമായ ബാധ്യത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മേൽ തുകകൾ ശ്രീ ബേസിൽ നട്ടാറിന്റെ ബാധ്യതയായി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ നിന്നും നിശ്ചയിച്ചിട്ടുള്ളത്. ടി ബാധ്യത സംബന്ധിച്ച വിവരം കൊല്ലം DDE-യിൽ നിന്നും ടിയാനെ അറിയിച്ചിട്ടുള്ളതും ആയതിനെ തുടർന്ന് ടിയാൻ ഫയൽ ചെയ്ത WPC 26648/2023-ന്മേലുള്ള വിധിന്യായത്തിന്റെ നടപടികൾ പൂർത്തീകരിക്കുന്നതു വരെ ടിയാന്റെ DCRG-യിൽ നിന്നും ബാധ്യത തുക ഈടാക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുള്ള വിവരവും, അങ്ങയുടെ അറിവിലേക്കായി സമർപ്പിച്ചുകൊള്ളുന്നു.

**5.** സർക്കാർ ഇക്കാര്യം ഹർജിക്കാരന്റെയും മാനേജരുടെയും വാദങ്ങളുടെയും, സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പാഠപുസ്തക ആഡിറ്റ് പ്രകാരം CFHS കൊട്ടിയം സൊസൈറ്റിക്ക് നൽകാനുള്ള കുടിശ്ശിക തുക ബാധ്യതയായി നിശ്ചയിച്ച നടപടി റദ്ദ് ചെയ്ത് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു :

(i) ഹർജിക്കാരൻ 31.03.2022-ൽ പ്രഥമാധ്യാപക തസ്തികയിൽ നിന്നും വിരമിച്ചു.

(ii) ടിയാൻ 01.06.2015 മുതൽ 31.05.2018 വരെ കൊട്ടിയം CFHS-ലും 01.06.2018 മുതൽ 31.05.2020 വരെ ഇരവിപുരം സെന്റ് ജോൺസ് HS-ലും, 01.06.2020 മുതൽ 31.03.2022 വരെ കൊട്ടിയം CFTTI LPS-ലും സേവനമനുഷ്ഠിച്ചു.

(iii) കൊട്ടിയം CFHS-ൽ നിന്നും 31.05.2015-ൽ വിരമിച്ച ശ്രീമതി.സൂസമ്മ വി., സെന്റ് ജോൺസ് HS-ൽ നിന്നും പ്രഥമാധ്യാപക തസ്തികയിൽ 31.05.2018-ൽ വിരമിച്ച ശ്രീ. ക്ലീഫോർഡ് മോറിസ് എന്നിവരുടെ ബാധ്യത നിലനിൽക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ടെക്സ്റ്റ് ബുക്ക് ഓഫീസിൽ നിന്നും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭ്യമായത് യഥാക്രമം 01.11.2019-

ലും 08.02.2021-ലും ആണ്. ടി റിപ്പോർട്ടുകൾ വരുന്നതിന് മുൻപാണ് ശ്രീ.ബേസിൽ നട്ടാർ ടി അധ്യാപകർക്ക് ബാധ്യതാരഹിതപത്രം നൽകിയിട്ടുള്ളതെന്നും; ടി സാഹചര്യത്തിലാണ് ടിയാന്റെ പേരിൽ ബാധ്യതാ തുക നിശ്ചയിച്ചതെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

(iv) ബാധ്യതാ തുക നിശ്ചയിച്ചിരിക്കുന്നത് ഇപ്രകാരമാണ് :

CFHS കൊട്ടിയം = 2012 – 13 = Rs. 13375/-

2013-14 = Rs. 23442/-

2014-15 = Rs. 6986/-

---

ആകെ = Rs. 43803/- +18% പലിശ

St. Johns HS ഇരവിപുരം - 2017-18- Rs. 49032/- + 18% പലിശ

(v) Rule 117 A പ്രകാരമുള്ള declaration ശ്രീമതി. സൂസമ്മയും ശ്രീ. ക്ലീഫോർഡ് മോറിസും സമർപ്പിച്ചിട്ടുള്ളതിനാൽ അവരുടെ കാലയളവിലെ ബാധ്യത അവരിൽ നിന്നാണ് ഈടാക്കേണ്ടതെന്നും കൂടാതെ, സൊസൈറ്റി സംബന്ധമായ ബാധ്യത ആയതിനാൽ സൊസൈറ്റി സെക്രട്ടറിമാരിൽ നിന്നും ഈടാക്കുവാൻ വ്യവസ്ഥയുണ്ടെന്നും മാനേജർ വാദിക്കുന്നു.

**6)** പാഠപുസ്തക വിതരണത്തിലെ അശാസ്ത്രീയതയാണ് കാലാകാലങ്ങളിൽ പ്രഥമാധ്യാപകർക്ക് ബാധ്യതയായി മാറുന്നതെന്നും അതിനൊരു ശാശ്വതപരിഹാരം കാണേണ്ടതുണ്ടെന്നും വിദ്യാഭ്യാസ ഓഫീസർമാർ അഭിപ്രായപ്പെട്ടു. ഹർജിക്കാരന്റെ കാര്യം പരിശോധിക്കുമ്പോൾ ടിയാന് ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നത് ടിയാന്റെ സർവ്വീസിന് മുൻപുള്ള കാലയളവിലെ പുസ്തകവിതരണം സംബന്ധിച്ചാണ്. Text Book Audit 2010-11 മുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെന്നും, 2010-11 മുതൽ 2017-18 വരെയുള്ള ഓഡിറ്റ് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2019-20-ലാണ് നടത്തിയതെന്നും, ഹർജിക്കാരന്റെ സർവ്വീസ് കാലയളവിലെ ബാധ്യത ടിയാൻ തീർപ്പാക്കിയിട്ടുണ്ടെന്നും എന്നാൽ, മുൻകാല അധ്യാപകരുടെ കാലയളവിലെ ബാധ്യതയാണ് ടിയാന് നിശ്ചയിച്ച് നൽകിയിരിക്കുന്നത് എന്നും, ടി അവസ്ഥയിൽ മാറ്റം വരേണ്ടതാണെന്നും

Text Book Officer അഭിപ്രായപ്പെട്ടു.

**7)** കേരള നിയമസഭാ സമ്മേളനത്തിൽ ശ്രീ.കെ.ബി.ഗണേഷ് കുമാർ എം.എൽ.എ.യുടെ ശ്രദ്ധ ക്ഷണിക്കൽ നോട്ടീസിന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി 17.03.2023-ൽ നൽകിയ മറുപടിയിൽ 2018-19 വർഷം നീക്കിയിരിപ്പുണ്ടെന്ന് കരുതപ്പെടുന്ന പാഠപുസ്തകങ്ങളുടെ കണക്കുകൾ പരിശോധിച്ച് സ്കൂൾ സൊസൈറ്റികൾക്ക് ഭീമമായ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും അത് dead stock ആയി കണക്കാക്കുന്ന വിഷയവും പരിശോധിച്ച നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിരുന്നു.

**8)** സ്കൂളുകളിൽ പാഠപുസ്തക വിതരണത്തോടനുബന്ധിച്ച് മിച്ചം വരുന്ന പുസ്തകങ്ങളുടെ ബാധ്യത അതാത് പ്രധമാധ്യാപകരുടെ ഉത്തരവാദിത്തമായി മാറുകയും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. പുതിയ പുസ്തകങ്ങൾ കുട്ടികൾ വാങ്ങാതിരിക്കുക, കുട്ടികൾ പഠിത്തം നിർത്തുക, മറ്റ് സ്കൂളുകളിലേയ്ക്ക് TC വാങ്ങിപ്പോകുക തുടങ്ങിയ പല കാരണങ്ങൾ മൂലം പുസ്തകം മിച്ചം വരാവുന്നതാണ്. എന്നാൽ അതിന്റെ ബാധ്യത അടച്ച തീർക്കേണ്ട ചുമതല പ്രഥമാധ്യാപകരിൽ വരികയും ഇങ്ങനെയുള്ള സാഹചര്യങ്ങൾ നിലനിൽക്കുന്നതു മൂലം പല അധ്യാപകരും പ്രഥമാധ്യാപക സ്ഥാനം ത്യജിക്കാനുള്ള പ്രവണത പോലും കണ്ടു വരുന്നുണ്ട്.

**9)** മേൽ സാഹചര്യത്തിൽ, കൊട്ടിയം CFHS-ൽ നിന്നും 31.05.2015-ൽ വിരമിച്ച ശ്രീമതി.സൂസമ്മ വി., സെന്റ് ജോൺസ് HS-ൽ നിന്നും പ്രഥമാധ്യാപക തസ്തികയിൽ 31.05.2018-ൽ വിരമിച്ച ശ്രീ. ക്ലീഫോർഡ് മോറിസ് എന്നിവരുടെ ബാധ്യത നിശ്ചയിച്ചുകൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ട് ടെക്സ്റ്റ് ബുക്ക് ഓഫീസിൽ നിന്നും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭ്യമായത് യഥാക്രമം 01.11.2019-ലും 08.02.2021-ലും ആണ് എന്നതിനാലും; ടി റിപ്പോർട്ടുകൾ വരുന്നതിന് മുൻപാണ് ശ്രീ.ബേസിൽ നട്ടാർ ടി അധ്യാപകർക്ക് ബാധ്യതാരഹിതപത്രം നൽകിയിട്ടുള്ളതെന്നതിനാലും; ഹർജിക്കാരന്റെ സർവ്വീസ് കാലയളവിലെ ബാധ്യത ടിയാൻ തീർപ്പാക്കിയിട്ടുള്ളതിനാലും; വിരമിച്ച ജീവനക്കാരായ ശ്രീമതി.സൂസമ്മയുടെയും ശ്രീ. ക്ലീഫോർഡ് മോറിസിന്റെയും കാലയളവിലെ ബാധ്യത അവരിൽ നിന്നും ഈടാക്കുന്നതിന് Rule 117 A പ്രകാരമുള്ള declaration സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം, പാഠപുസ്തക ആഡിറ്റ് പ്രകാരം CFHS കൊട്ടിയം സൊസൈറ്റിക്ക് നൽകാനുള്ള കുടിശ്ശിക തുക ബാധ്യതയായി നിശ്ചയിച്ച നടപടിയിൽ നിന്നും ഹർജിക്കാരനെ ഒഴിവാക്കുന്നതിനുള്ള നടപടി

സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, ഹർജിക്കാരന്റെ (Ext P10) റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം, ബഹു. ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

പകർപ്പ്:അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

ശ്രീ.ബേസിൽ നട്ടാർ (HM (Rtd), CFTTI LPS, Kottiyam), ഏഞ്ചൽ വില്ല, മൂത്തകര, കൊല്ലം

കോർപ്പറേറ്റ് മാനേജർ, CFTTI LPS, Kottiyam, കൊല്ലം

പൊതുവിദ്യാഭ്യാസ (ജെഎ ) വകുപ്പ് (ജെഎ**1/6/2024-**പൊവിവ തീയതി **8.4.2024)**

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 30-04-2024 14:17:33

സെക്ഷൻ ഓഫീസർ